നദികളിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ

*12[255] *ശ്രീ. ലൂഡി ലൂയിസ്:*

" *കെ. സി. ജോസഫ്:*

" *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ നിയന്ത്രണങ്ങൾക്ക് വിധേയമായാണ് മണൽ നീക്കം ചെയ്യുന്നത് എന്നുറപ്പു വരുത്തേണ്ട ചുമതല ആർക്കാണ്;

(സി) നദികളുടെ അടിത്തട്ടിൽ നിന്നും പതിനഞ്ചും ഇരുപതും അടി ആഴത്തിൽ മണ്ണെടുത്ത് അവയുടെ അടിത്തട്ടിൽ ആഴമുള്ള കയങ്ങൾ സൃഷ്ടിക്കുന്നത് അനുവദനീയമാണോ; ഇത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം കയങ്ങളിലകപ്പെട്ട് എത്ര പേർ ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മരണപ്പെട്ടിട്ടുണ്ട്?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):*

(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും ചട്ടങ്ങളും അതിൻ കീഴിലുണ്ടാക്കിയ ഭേദഗതി ചട്ടങ്ങളും അനുശാസിക്കുന്ന നിബന്ധനകൾക്കും 1-2-2005-ലെ 71734/പി1/2004/ റവന്യൂ നമ്പർ സർക്കുലറിനും വിധേയമായി മാത്രമേ മണൽ വാരൽ അനുവദിക്കുന്നുള്ളൂ. അവ ചുവടെ ചേർക്കുന്നു.

(1) ഓരോ മാസത്തേയ്ക്കും ഒരു കടവിൽ നിന്ന് വാരാവുന്ന മണലിന്റെ അളവ് ജില്ലാ വിദഗ്ദ്ധ സമിതി സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് തുടങ്ങിയ വിദഗ്ദ്ധ സമിതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് നിശ്ചയിക്കേണ്ടതാണ്.

(2) ഒരു കടവിൽ രാവിലെ 8 മണിക്ക് മുമ്പും വൈകുന്നേരം 4 മണിക്ക് ശേഷവും യാതൊരു മണൽവാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

(3) നദിയുടെ അടിത്തട്ടിൽ നിന്ന് മാത്രം മണൽ വാരാൻ അനുവദിക്കേണ്ടതും നദീതീരത്തിന്റെ 10 മീറ്ററിനുള്ളിൽ യാതൊരു മണൽവാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(4) ഏതെങ്കിലും പാലത്തിൽ നിന്നോ, ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽവാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

(5) മണൽ കയറ്റുന്നതിനുള്ള വാഹനം നദീതീരത്തുനിന്നും ഏറ്റവും കുറഞ്ഞത് 25 മീറ്റർ അകലത്തിൽ പാർക്ക് ചെയ്യേണ്ടതും മണൽ കയറ്റുന്നതിനു വേണ്ടി യാതൊരു വാഹനവും നദീതീരത്തേക്ക് കൊണ്ടുവരാൻ പാടില്ലാത്തതുമാണ്.

(6) ഒരു കടവിലോ നദീതീരത്തോ നിന്ന് ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ അളവ് മണൽവാരാൻ പാടില്ലാത്തതാണ്.

(7) മണൽവാരൽ പ്രവർത്തനത്തിന് കൊല്ലി വലയോ പോൾ കൂപ്പിംഗോ ഏതെങ്കിലും യന്ത്രവൽകൃത രീതിയോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

(8) ഉപ്പുവെള്ളം നദീജലവുമായി കലരാൻ സാദ്ധ്യതയുള്ളയിടത്ത് മണൽവാരൽ നടത്താൻ പാടില്ലാത്തതാണ്.

(9) സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു മുഖേന മണൽവാരൽ സ്പഷ്ടമായി നിരോധിച്ചിട്ടുള്ള ഏതെങ്കിലും നദിയിലോ നദീതീരത്തോ മണൽവാരൽ നടത്താൻ പാടില്ലാത്തതാണ്.

(10) കടവുകളിൽ ലോറിയിറക്കാൻ കഴിയാത്തവിധം തൂണുകൾ സ്ഥാപിക്കുകയും മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും കടവുകൾ പൂട്ടത്തക്ക വിധം ഭിത്തികൾ കെട്ടി ഗേറ്റ് സ്ഥാപിക്കേണ്ടതുമാണ്. മണൽ വാരൽ അനുവദിക്കാത്ത എല്ലാ കടവുകളിലും വാഹനങ്ങൾ ഇറക്കാൻ കഴിയാത്തവിധം 100 മീറ്റർ അകലം മുതൽ പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കേണ്ടതും വാഹനങ്ങൾ കടക്കാത്ത വിധമുള്ള എല്ലാ സംവിധാനങ്ങളും ഉണ്ടാക്കേണ്ടതും പൊതുജനങ്ങൾക്ക് കാൽനടയായി പോകാനുള്ള വഴി മാത്രം ഇടേണ്ടതുമാണ്.

(11) എല്ലാ പൊതു കുളിക്കടവുകളിലും വാഹനം ഇറങ്ങാത്തവിധം 100 മീറ്റർ അകലത്തിൽ പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കേണ്ടതാണ്.

(12) പ്രൈവറ്റ് വസ്തുക്കളോട് ചേർന്നുള്ള എല്ലാ അനധികൃത കടവുകളും പുഴയോരത്ത് വച്ച് പൂർണ്ണമായും അടച്ചുകെട്ടേണ്ടതാണ്.

(13) പുഴയിൽ നിന്ന് മണൽ അനധികൃതമായി വാരിക്കയറ്റാൻ സൗകര്യം ചെയ്യുന്ന വസ്തു ഉടമസ്ഥർക്കെതിരെയും കടവ് ഉടമസ്ഥർക്കെതിരെയും അനധികൃതമായി വാരിയ മണൽ വാങ്ങുന്നവർക്കെതിരെയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(14) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച വള്ളങ്ങൾ മാത്രമേ മണൽ വാരാൻ ഉപയോഗിക്കാവൂ. ഇവ തിരിച്ചറിയാൻ പ്രത്യേകം സൈൻ ബോർഡുകൾ ഏർപ്പെടുത്തേണ്ടതാണ്. നിലവിലുള്ള എല്ലാ മണൽ വാരൽ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡുകൾ നൽകേണ്ടതാണ്. ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി മണൽ വാരുകയോ കൊണ്ടു പോകുകയോ സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നത് കണ്ടു കെട്ടേണ്ടതാണ്.

(15) എല്ലാ അനധികൃത മണൽ വാരുന്നവർക്കും വാരിക്കുന്നവർക്കും, അത് കൊണ്ടു പോകുന്നവർക്കും അത് വാഹനത്തിൽ കയറ്റുന്നവർക്കും, അതിന് സൗകര്യങ്ങളും സഹായങ്ങളും ചെയ്യുന്നവർക്കും അത് വാങ്ങുന്നവർക്കും അത് സൂക്ഷിക്കുന്നവർക്കും എതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃതമായി മണൽ വാരാനും കയറ്റാനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ, വള്ളങ്ങൾ, അത്തരം മണൽ കയറ്റിക്കൊണ്ട് പോകുന്ന ലോറികൾ, മറ്റ് വാഹനങ്ങൾ എന്നിവ കണ്ടു കെട്ടുകയും ലേലം ചെയ്ത് കിട്ടുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

(16) കടവിൽ നിന്ന് വിറ്റ മണൽ കൊണ്ടുപോകുന്നതിന് പ്രത്യേകം പാസ് ഏർപ്പെടുത്തേണ്ടതാണ്. ഇതിലേക്ക് ബന്ധപ്പെട്ട തഹസീൽദാരും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും ഒപ്പിട്ട് മുദ്ര വച്ച പാസ് നൽകണം.

(ബി) 2001-ലെ കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ വകുപ്പ് 11 പ്രകാരം മണൽവാരൽ സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളുടേയും നിയന്ത്രണം വഹിക്കേണ്ടത് കടവു കമ്മിറ്റികളാണ്.

(സി) കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം 13(2) വകുപ്പ് അനുസരിച്ച് മണൽ കുഴിച്ചു വാരുന്നത് ആ നദിയുടെ ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥയ്ക്ക് തകരാറുണ്ടാക്കുമെന്ന ജില്ലാ വിദഗ്ദ്ധ സമിതിയുടെ ഒരു റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയോ അല്ലെങ്കിൽ മറ്റു വിധത്തിലോ, ജില്ലാ കളക്ടർക്ക് ഒരു വർഷത്തിലെ ഏതെങ്കിലും കാലയളവിൽ പ്രത്യേകിച്ചും കാലവർഷക്കാലയളവിൽ ഏതെങ്കിലും നദിയിൽ നിന്നോ നദീതീരത്തു നിന്നോ മണൽ വാരുന്നതിൻമേൽ നിരോധനം വിജ്ഞാപനപ്പെടുത്താവുന്നതാണ്. നദികളുടെ അടിത്തട്ടിൽ ആഴമുള്ള കയങ്ങൾ സൃഷ്ടിക്കുന്നത് അനുവദനീയമല്ലെന്നും ഇത് തടയുന്നതിന് 2001-ലെ കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ മണൽ വാരുമ്പോൾ നദിയുടെ കര ഇടിഞ്ഞ് 2 പേർ മരണപ്പെട്ടിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ 5 പേർ, കയങ്ങളിൽ വീണ് മരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിലെ തറപ്പേൽ കടവിൽ തമിഴ്നാട്ടിൽ നിന്നെത്തിയ 6 വിദ്യാർത്ഥികൾ മരണമടഞ്ഞിരുന്നു. ഇത് മണൽവാരൽ കയങ്ങളിലകപ്പെട്ടാണെന്ന് ആരോപണമുയർന്നിരുന്നെങ്കിലും വേനൽക്കാലത്ത് പോലും കടത്ത് ഉള്ള ടി പ്രദേശം പൊതുവെ ആഴമുള്ളതായതു കൊണ്ടും ടി വിദ്യാർത്ഥികൾക്ക് നീന്തൽ അറിയാത്തതുമൂലവുമാണ് ഇങ്ങനെ അപകടം സംഭവിച്ചതെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly